## പരിസ്ഥിതി സംരക്ഷണ പദ്ധതികൾ

25(2744) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഹരിത കേരളം മിഷന്റെ പച്ചത്തുരുത്ത് ക്യാമ്പയിന്റെ ഭാഗമായി എല്ലാ ജില്ലകളിലുമായി 550 ഏക്കർ വിസ്തൃതിയിൽ 1661 പച്ചത്തുരുത്തുകൾ 2019 - 20 വർഷങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ് എന്നിവയുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഒരു കോടി വൃക്ഷത്തൈ ക്യാമ്പയിനിൽ കൃഷി വകുപ്പ് ഫാമുകളുടെ സാങ്കേതിക സഹായത്തോടെ തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'തരിശു രഹിത ഗ്രാമം' ക്യാമ്പയിനിന്റെ ഭാഗമായി 87 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ധാരാളം നെൽവയലുകൾ വീണ്ടെടുക്കുന്നതിനും അതുവഴി പരിസ്ഥിതി പുനഃസ്ഥാപനത്തിന് സഹായകമായ അവസ്ഥ ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2020-21 മുതൽ അടുത്ത 10 വർഷത്തേയ്ക്ക് ഓരോ വർഷവും ഒരു കോടി ഫലവൃക്ഷത്തൈകൾ നടുന്ന തിനുള്ള പദ്ധതി വകുപ്പ് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2020-21 വർഷത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ദേശീയ തൊഴിലുറപ്പ്, കുടുംബശ്രീ തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 1 കോടി 34 ലക്ഷം ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. 2021-22 വർഷം പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം നടത്തുകയും തുടർന്ന് നാളിതുവരെ 18 ലക്ഷം ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഫലവർഗ്ഗങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കു ന്നതിനും ഒരു പരിധി വരെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യാവുന്ന നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിനായി ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്ന തിനായി ഈ വർഷം 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രിയിലൂടെ 2 ലക്ഷം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനും കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly